# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പള്ളിക്കത്തോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എകെടിഎം /പി13/299/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 31/03/2022
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പള്ളിക്കത്തോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എകെടിഎം /പി13/299/22 തീയ്യതി: 31/03/2022

## കോട്ടയം ജില്ലയിലെ പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-07-2019 മുതൽ 21-09-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| എം എൻ രാധാകൃഷ്ണൻ | ഡെപ്യൂട്ടിഡയറക്ടർ(ഹ ഗ്രേ) | 31-01-2022 | 07-02-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 31-01-2022 | 07-02-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ലേഖ വി, ഓഡിറ്റ് ഓഫീസർ
രാജേഷ് എം, അസിസ്റ്റന്റ് ഓഡിറ്റ്ഓഫീസർ
സുനിത എം എസ്,അസിസ്റ്റന്റ് ഓഡിറ്റ്ഓഫീസർ
ജാസ്മിൻ എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ജിജി അഞ്ചാനി | പ്രസിഡന്റ് | 01-04-2019 | 14-10-2019 |
| വിജയകുമാരി(ചാർജ്) | പ്രസിഡന്റ് | 15-10-2019 | 05-11-2019 |
| ഷാജി ഐസക് | പ്രസിഡന്റ് | 06-11-2019 | 31-03-2020 |
| ജോമോൻ മാത്യു | സെക്രട്ടറി | 01-04-2019 | 15-07-2019 |
| ആഷാറാണി റ്റി (ചാർജ്) | സെക്രട്ടറി | 16-07-2019 | 21-07-2019 |
| രശ്മി എസ് | സെക്രട്ടറി | 22-07-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ആഷാറാണി റ്റി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 12-12-2019 |
| ഡോ. പ്രേമാ സ്റ്റെല്ല ഭായ് | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ. സുവീന | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 | 31-03-2020 |
| ഷേർലി അലക്സ് | ഹെഡ് മിസ്ട്രസ് | 01-04-2019 | 31-05-2019 |
| അനിത വി കെ | ഹെഡ് മിസ്ട്രസ് | 01-06-2019 | 07-07-2019 |
| ഷേർലി അലക്സ് | ഹെഡ് മിസ്ട്രസ് | 08-07-2019 | 31-03-2020 |
| ഡൽഫിനാ ജോർജ് | കൃഷിഓഫീസർ | 01-04-2019 | 31-10-2019 |
| രശ്മി പ്രഭാകർ | കൃഷിഓഫീസർ | 31-10-2019 | 31-12-2019 |
| ഡൽഫിനാ ജോർജ് | കൃഷിഓഫീസർ | 01-01-2020 | 31-03-2020 |
| ഷിബു | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-07-2019 |
| ഷീജാജോസഫ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-08-2019 | 07-08-2019 |
| നിലീന റാഫേൽ | അസിസ്റ്റന്റ് എഞ്ചിനീയർ | 07-08-2019 | 31-03-2020 |
| ജൂലിജോസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ജാസ്മിൻ | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2019 | 31-05-2019 |
| രശ്മി രഘുനാഥ് | ഐസിഡിഎസ് സൂപ്പർവൈസർ | 01-06-2019 | 31-03-2020 |
| ലൗല എ ഖാദർ | അസിസ്റ്റന്റ് സെക്രട്ടറി | 13-12-2019 | 31-03-2020 |
| ഡോ. ദീപാ ബി നായർ | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം)) | 01-04-2019 | 31-03-2020 |
| ഡോ. ആഷിക് | മെഡിക്കൽ ഓഫീസർ പി | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| രാമചന്ദ്രൻ | എച്ച് സി | | |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Rajesh M (Asst. Audit Officer, On 04-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 30-03-2022) | 1-1 |
| 2 | വാർഷികകണക്ക് പരിശോധന<br>Written By: Rajesh M (Asst. Audit Officer, On 04-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 30-03-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Rajesh M (Asst. Audit Officer, On 04-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 30-03-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Rajesh M (Asst. Audit Officer, On 04-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 30-03-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Lekha V (Audit Officer, On 04-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 30-03-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Rajesh M (Asst. Audit Officer, On 04-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 30-03-2022) | 1-6 |
| 7 | സാമൂഹ്യക്ഷേമ പദ്ധതികൾ<br>Written By: Rajesh M (Asst. Audit Officer, On 04-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 30-03-2022) | 1-7 |
| 8 | കാഷ് വേരിഫിക്കേഷൻ<br>Written By: Rajesh M (Asst. Audit Officer, On 04-02-2022)<br>Last Updated By: Lekha V (Audit Officer, On 05-02-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണ സംവിധാനം<br>Written By: Lekha V (Audit Officer, On 04-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 31-03-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Rajesh M (Asst. Audit Officer, On 04-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 30-03-2022) | 1-10 |
| 11 | പിരിവ് തുക പഞ്ചായത്തിൽ അടക്കാതെ പണാപഹരണം<br>Written By: Jasmine (Auditor, On 07-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 31-03-2022) | 1-11 |
| 12 | ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന്- രസീത് ബുക്ക് പ്രകാരം പിരിച്ചെടുത്ത തുക പഞ്ചായത്തിൽ തിരികെ അടവാക്കി<br>Written By: Jasmine (Auditor, On 07-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 30-03-2022) | 1-12 |
| 13 | വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ്<br>Written By: Sunitha M S (Senior Grade Auditor, On 07-02-2022)<br>Last Updated By: Sunitha M S (Senior Grade Auditor, On 07-02-2022) | 1-13 |
| 14 | തൊഴിൽ നികുതിയും സ്ഥാപന നികുതിയും അടച്ചിട്ടില്ല.<br>Written By: Sunitha M S (Senior Grade Auditor, On 07-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 30-03-2022) | 1-14 |
| 15 | വാടക ഈടാക്കിയിട്ടില്ല<br>Written By: Jasmine (Auditor, On 07-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 30-03-2022) | 1-15 |
| 16 | സർക്കാർ ഓഫീസുകൾ പഞ്ചായത്ത് കെട്ടിത്തിൽ വർഷങ്ങളായി വാടക രഹിതമായി തുടരുന്നു<br>Written By: Jasmine (Auditor, On 07-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 31-03-2022) | 1-16 |

| | | |
|---|---|---|
| 17 | കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് കുറവായി ഈടാക്കി<br>Written By: Sunitha M S (Senior Grade Auditor, On 07-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 30-03-2022) | 1-17 |
| 18 | ടൗൺ ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം പൊളിച്ചുനീക്കിയപ്പോൾ ലഭിച്ച സാമഗ്രികൾ ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയിട്ടില്ല<br>Written By: Lekha V (Audit Officer, On 07-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 30-03-2022) | 1-18 |
| 19 | ഗ്രാമലക്ഷ്മി മുദ്രാലയത്തിനു നല്കിയ തുക ക്രമീകരിച്ചിട്ടുള്ളതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല<br>Written By: Sunitha M S (Senior Grade Auditor, On 07-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 30-03-2022) | 1-19 |
| 20 | സാമൂഹികസുരക്ഷാപെൻഷൻ വിതരണത്തിലെ അപാകങ്ങൾ<br>Written By: Lekha V (Audit Officer, On 07-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 30-03-2022) | 1-20 |
| 21 | പെൻഷണറുടെ മരണത്തിനുശേഷവും സാമൂഹിക സുരക്ഷാപെൻഷൻ നൽകുന്നു<br>Written By: Lekha V (Audit Officer, On 07-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 30-03-2022) | 1-21 |
| 22 | പിഎച്ച്സിയ്ക്ക് മരുന്നു വാങ്ങൽ - മരുന്ന് പൂർണ്ണമായും ലഭ്യമായില്ല<br>Written By: Sunitha M S (Senior Grade Auditor, On 07-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 30-03-2022) | 1-22 |
| 23 | നിക്ഷേപ പ്രവൃത്തികൾ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല<br>Written By: Lekha V (Audit Officer, On 07-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 31-03-2022) | 1-23 |
| 24 | ലൈഫ് ഭവനനിർമ്മാണം -അവലോകനം<br>Written By: Lekha V (Audit Officer, On 06-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 31-03-2022) | 1-24 |
| 25 | വീട് വാസയോഗ്യമാക്കൽ പ്രവർത്തിയ്ക്ക് സബ്സിഡി തുക പരിമിതിപ്പെടുത്തി നൽകുന്നു<br>Written By: Lekha V (Audit Officer, On 06-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 31-03-2022) | 1-25 |
| 26 | സർവ്വേ റിപ്പോർട്ട് പ്രകാരമുള്ള ലേല വിവരം ലഭ്യമല്ല<br>Written By: Rajesh M (Asst. Audit Officer, On 06-02-2022)<br>Last Updated By: Lekha V (Audit Officer, On 07-02-2022) | 1-26 |
| 27 | പ്രവൃത്തി താമസിപ്പിച്ചതിനുള്ള ഫൈൻ പഞ്ചായത്ത് അക്കൗണ്ടിൽ ലഭിച്ചില്ല<br>Written By: Rajesh M (Asst. Audit Officer, On 06-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 31-03-2022) | 1-27 |
| 28 | ഫൈൻ ഈടാക്കിയതിൽ കുറവ്,ഈടാക്കിയ തുക പഞ്ചായത്ത് ഫണ്ടിൽ ലഭിച്ചില്ല<br>Written By: Rajesh M (Asst. Audit Officer, On 06-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 31-03-2022) | 1-28 |
| 29 | വേലമൂല്യത്തിൽ അധികമായി തുക പിൻവലിച്ചു<br>Written By: Rajesh M (Asst. Audit Officer, On 06-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 31-03-2022) | 1-29 |
| 30 | പ്രവൃത്തി യഥാസമയം പൂർത്തീകരിക്കാത്ത കരാറുകാരനെതിരെ നടപടി എടുത്തില്ല<br>Written By: Rajesh M (Asst. Audit Officer, On 06-02-2022)<br>Last Updated By: Lekha V (Audit Officer, On 07-02-2022) | 1-30 |
| 31 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം-പൊതുഅപാകതകൾ<br>Written By: Rajesh M (Asst. Audit Officer, On 07-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 31-03-2022) | 1-31 |
| 32 | കുടിവെള്ള പദ്ധതികളുടെ അവലോകനം<br>Written By: Rajesh M (Asst. Audit Officer, On 07-02-2022) | 1-32 |

| | | |
|---|---|---|
| | Last Updated By: Lekha V (Audit Officer, On 07-02-2022) | |
| ഭാഗം **2** | | |
| 1 | പിരിവ് തുക പഞ്ചായത്തിൽ അടക്കാതെ പണാപഹരണം<br>Written By: Anju P Natarajan (Computer Assistant, On 31-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 31-03-2022) | 2-1 |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം<br>Written By: Rajesh M (Asst. Audit Officer, On 04-02-2022)<br>Last Updated By: Lekha V (Audit Officer, On 05-02-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം<br>Written By: Rajesh M (Asst. Audit Officer, On 04-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 31-03-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Rajesh M (Asst. Audit Officer, On 04-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 31-03-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Rajesh M (Asst. Audit Officer, On 04-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 31-03-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Rajesh M (Asst. Audit Officer, On 04-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 31-03-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Rajesh M (Asst. Audit Officer, On 04-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 31-03-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Rajesh M (Asst. Audit Officer, On 04-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 31-03-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Rajesh M (Asst. Audit Officer, On 04-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 31-03-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Rajesh M (Asst. Audit Officer, On 04-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 31-03-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Rajesh M (Asst. Audit Officer, On 07-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 31-03-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം<br>Written By: Rajesh M (Asst. Audit Officer, On 07-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 31-03-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

2019-20 വർഷത്തെ പുതുക്കിയ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 12-02-2020 തീയതിയിലെ 2-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കും റസീറ്റ് & പേമെന്റ് പത്രിക പ്രകാരമുള്ള വരവ്-ചെലവ് കണക്കും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | R&P പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 1280671.00 | 9376565.79 |
| വരവ് | 92486000.00 | 42770096.00 |
| ആകെ | 93766671.00 | 52146661.79 |
| ചെലവ് | 91590395.00 | 44624928.00 |
| നീക്കിയിരിപ്പ് | 2176276.00 | 7521733.79 |

പ്രതീക്ഷിത വരവ് ചെലവുകളും യഥാർത്ഥ വരവ്ചെലവുകളും താരതമ്യം ചെയ്ത് തുടർ വർഷങ്ങളിൽ പരമാവധി വിഭവസമാഹരണവും , ലഭ്യമായ വിഭവങ്ങളുടെ ഫലപ്രദമായ വിനിയോഗവും ഉറപ്പുവരുത്താനുള്ള ആഭ്യന്തര നിയന്ത്രണസംവിധാനമെന്ന നിലയിൽ (ബഡ്ജറ്ററി കൺട്രോൾ) കൃത്യതയോടെ ബഡ്ജറ്റ് തയ്യാറാക്കേണ്ടതുണ്ട്. ബഡ്ജറ്റ് നിയന്ത്രണത്തിന്റെ അന്തസത്ത ഉൾക്കൊണ്ട് ബഡ്ജറ്റ് തയ്യാറാക്കുന്നതിന് പകരം നിയമപരമായ ബാധ്യത നിറവേറ്റുന്നതിന് മാത്രമാണ് ശ്രമിച്ചിട്ടുള്ളത് എന്ന് പ്രതീക്ഷിത/യഥാർത്ഥ വരവുചെലവുകളിലെ അന്തരം വ്യക്തമാക്കുന്നു.

### 1-2 വാർഷികകണക്ക് പരിശോധന

ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 66022920.00 രൂപയും ചെലവ് 63388289.00 രൂപയും പ്രവർത്തന മിച്ചം 2634631.00 രൂപയുമാണ്. 31/03/2019-ലെ പഞ്ചായത്തിന്റ ആസ്തിമൂല്യം 42029993.89 രൂപയും ബാധ്യതകളുടെ മൂല്യം 35738201.80 രൂപയും ജനറൽ ഫണ്ട് 6291792.09 രൂപയുമാണ്. 2019-20 ധനകാര്യ പത്രിക പഞ്ചായത്തിലെ അടിസ്ഥാന രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അക്കൗണ്ടിങ് അപാകതകൾ ഉള്ളതായി കാണുന്നു.

1.31/03/2019 തീയതിയിലെ പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.

2.പഞ്ചായത്തിന് ലഭിച്ചതും ഫണ്ടിൽ അവശേഷിക്കുന്നതുമായ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ(ബി-4) കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖയായ എ.സി.ആർ. ആധികാരികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. എ.സി.ആർ. സൂക്ഷിക്കാത്തതിനാൽ സംയുക്ത പ്രോജക്ട് ഫണ്ട് വിനിയോഗത്തിന്റെ വിശദാംശം പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3.പഞ്ചായത്ത് ഫണ്ടിൽ നിലനിൽക്കുന്ന വിവിധ ഡെപോസിറ്റ് ഉകകളുടെ മുന്നിരിപ്പ് വിശദാംശം രജിസ്റ്ററിൽ ലഭ്യമല്ല. കൃത്യമായ മുന്നിരിപ്പ് വിശദാംശങ്ങളുടെ അഭാവത്തിൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് സാധിച്ചിട്ടില്ല.

4.26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

5.412010101-Capital Work In Progress ശീർഷകത്തിലെ ഇടപാടുകളുടെയും നീക്കിയിരിപ്പിന്റെയും കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല.

6.വസ്തുനികുതി ഡിമാന്റ്-കളക്ഷൻ-ബാലൻസ് സഞ്ചയ പ്രകാരമുള്ളത് സാംഖ്യ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

7.വിവിധ അഡ്വാൻസ്/ഡെപോസിറ്റ് തുകകളുടെ വിനിമയം ഡെപോസിറ്റ് രജിസ്റ്ററിൽ കൃത്യമായി നിരീക്ഷിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. B-18 ഷെഡ്യൂൾ പ്രകാരമുള്ള അഡ്വാൻസ്/ഡെപോസിറ്റ് തുകകളുടെ വിശദാംശം ലഭ്യമല്ല.

പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ നിലനിൽക്കുന്ന മേൽവിവരിച്ച അപാകതകൾ പരിഹരിച്ച് ഓരോ കണക്കുകളും വിശദീകരിക്കുന്ന

അടിസ്ഥാന രേഖകൾ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

2019-20 വർഷത്തെ റസീറ്റ് & പേമെന്റ് പത്രികയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവയുടെ വിവരവും ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 9376565.79 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 42770096.00 |
| ആകെ | 52146661.79 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 44624928.00 |
| നീക്കിയിരിപ്പ് | 7521733.79 |
| വരവിനങ്ങളിലുള്ള നഷ്ടം | 17261 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 428949 |

## 1-4 ഫണ്ട് വിനിയോഗം

ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു. മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം ധനകാര്യ പത്രിക പ്രകാരമുള്ളതും ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 00 | 9471000 | 9471000 | 8918786 | 552214 | 94.16 |
| വികസന ഫണ്ട്- എസ്.സി.പി. | 00 | 1575000 | 1575000 | 1575000 | 00 | 100 |
| വികസന ഫണ്ട്- ടി.എസ്.പി. | 00 | 351000 | 351000 | 351000 | 00 | 100 |

| | | | | | | |
|---|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Untied) | 00 | 7240785 | 7240785 | 2891208 | 4349577 | 39.92 |
| മെയിന്റനൻസ് ഗ്രാന്റ്-Road | 00 | 8054000 | 8054000 | 3915302 | 4138698 | 48.61 |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 00 | 3251000 | 3251000 | 1778519 | 1472481 | 54.70 |
| ദേശീയ തൊഴിലുറപ്പ് പദ്ധതി | 2289.50 | 10710041.00 | 10712330.50 | 10710482.00 | 1848.50 | 99.98 |
| ICDS ഫണ്ട് | 183914.00 | 530132 | 714046 | 627062 | 86984 | 87.81 |

- ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസനഫണ്ട് വരവ് 8856212/- രൂപയാണ്. സർക്കാർ ഉത്തരവുകൾ പ്രകാരം ലഭിച്ച വികസനഫണ്ട് വരവ് 9471000 രൂപയാണ് (സർക്കാർ നേരിട്ട് കുറവ് ചെയ്ത 614788/-രൂപ ഉൾപ്പെടെ).
- ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ ലഭിച്ച 7240785/- രൂപയിൽ 2891208/- രൂപ മാത്രമാണ് (39.92%)ചെലവഴിച്ചത്
- ഗ്രാന്റ് സ്റ്റേറ്റ്മെന്റ് /അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം മെയിന്റനൻസ് ഗ്രാന്റ് റോഡ് വരവ് 8054000/- രൂപയും ചെലവ് 3915302/- രൂപയുമാണ്. അറ്റകുറ്റപ്പണി ആവശ്യമായ റോഡുകൾ ഉള്ളപ്പോൾ 14.72 ലക്ഷം നഷ്ടപ്പെടുത്തിയത് നിരാശാജനകമാണ്.

വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യകമ്മീഷൻ അവാർഡ് എന്നിവയുടെ അക്കൗണ്ടിങ്ങിലെ മേൽവിവരിച്ച അപാകതകൾ നിലനിൽക്കുന്നതിന്(ഗ്രാന്റ് പത്രിക, സുലേഖ ചെലവ് പത്രിക, ഓൺലൈൻ എ.സി.ആർ , വാർഷിക കണക്ക് എന്നിവ പ്രകാരം) വിധേയമായിട്ടാണ് അനുബന്ധം-2 ഗ്രാന്റ് വിനിമയ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം

ഗ്രാമപഞ്ചായത്തിന്റെ 2019-20വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ 05/03/2019 ലെ ഉത്തരവ് നം. 80898/2020/DPC/DPO/KTM പ്രകാരം പുതുക്കി അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിരൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർക്കിങ്ങ് ഗ്രൂപ്പ് യോഗം | 1/10/2018 |
| വികസനസെമിനാർ | 30/11/2018 |
| പദ്ധതിരൂപീകരണ ഗ്രാമസഭകൾ | 19/11/2018,20 /11/2018 |
| ഊരുകൂട്ടം /വയോജന/ഭിന്നശേഷി ഗ്രാമസഭ | 21/11/2018 |

2019-20 ലെ വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 86183991/- രൂപയും ആകെ ചെലവ് 30609545/- രൂപയുമാണ്. ചെലവുശതമാനം 35.51%. അംഗീകാരം ലഭിച്ച 194 പ്രോജക്ടുകളിൽ 101 എണ്ണം നടപ്പാക്കിയിട്ടുണ്ട്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ | ആസൂത്രണം ചെയ്ത പ്രോജക്ടുകൾ | നടപ്പാക്കിയവ | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 4 | 358838 | 199575 | 55.6 |
| വെറ്ററിനറി സർജൻ | 7 | 5 | 2947700 | 2322000 | 78.7 |
| എം.ഒ (പിഎച്ച്സി) | 3 | 3 | 1059100 | 921260 | 86.9 |
| എം.ഒ (ഹോമിയോ) | 1 | 1 | 70000 | 70000 | 100 |
| എം.ഒ (ആയുർവേദം) | 1 | 1 | 200000 | 200000 | 100 |
| ഡയറി ഫാം ഇൻസ്പക്ടർ | 1 | 1 | 400000 | 400000 | 100 |
| വി ഇ ഒ | 13 | 11 | 35539800 | 10014574 | 28 |
| വി ഇ ഒ-2 | 4 | 4 | 1606348 | 1556348 | 96.8 |
| ഐ സി ഡി എസ് സൂപ്പർവൈസർ | 5 | 4 | 2773400 | 2180427 | 78.6 |
| സെക്രട്ടറി | 26 | 17 | 5278482 | 2724620 | 51.6 |
| അസി.എൻജിനീയർ – എൽ.എസ്.ജി.ഡി | 121 | 45 | 33770323 | 9574135 | 28.3 |
| ഹെഡ്മ് മാസ്റ്റർ | 6 | 2 | 480000 | 158652 | 33.05 |
| അസിസ്റ്റന്റ് സെക്രട്ടറി | 2 | 1 | 1700000 | 287954 | 16.9 |
| ആകെ | 194 | 101 | 86183991 | 30609545 | 35.5 |

ലൈഫ് ഭവന പദ്ധതി സർക്കാർ നേരിട്ട് ഈടാക്കിയ 110294/- രൂപയുടെ ചെലവ് പ്രോജക്ടിന്റെ ഭാഗമായിട്ടില്ല.

വിനിയോഗലക്ഷ്യം കൈവരിച്ചില്ല - 1.05 കോടി രൂപ സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ടു

2019-20 കാലയളവിലെ സർക്കാർഫണ്ടുകളുടെ വിനിയോഗത്തിൽ വേണ്ടത്ര ജാഗ്രത പുലർത്തിയതായി കാണുന്നില്ല. വികസനഫണ്ട് ചെലവഴിച്ചത് 94.96%. ധനകാര്യകമ്മീഷൻ ഗ്രാന്റ് വിനിയോഗം 39.9% മാത്രമാണ്. നിർവ്വഹണ ഉദ്യോഗസ്ഥരുടെ അവലോകനയോഗങ്ങൾ ചേർന്ന് പദ്ധതി പുരോഗതി വിലയിരുത്തിയിരുന്നുവെങ്കിലും വേണ്ടത്ര ഫലപ്രദമായില്ല. തൻമൂലം പല നിർവ്വഹണ ഉദ്യോഗസ്ഥർക്കും പദ്ധതി നിർവ്വഹണത്തിൽ വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ സാധിച്ചില്ല. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തയ്യാറാക്കിയ 121 പ്രോജക്ടുകളിൽ 45 എണ്ണം മാത്രമാണ് (ചെലവ് ശതമാനം 37.9%) തൻവർഷം നടപ്പാക്കാൻ സാധിച്ചത് എന്നത് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ പദ്ധതിപുരോഗതി നിരീക്ഷിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നില്ല എന്ന് വ്യക്തമാക്കുന്നു. വിനിയോഗത്തിൽ വന്ന ജാഗ്രതക്കുറവ് മൂലം തൻവർഷം സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ട സർക്കാർ ഗ്രാന്റുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|
| വികസന ഫണ്ട്-ജനറൽ | 552214 |
| വികസന ഫണ്ട്-എസ്.സി.പി. | 00 |
| വികസന ഫണ്ട്- ടി.എസ്.പി. | 00 |

| | |
|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Untied) | 4349577 |
| മെയിന്റനൻസ് ഗ്രാന്റ്-Road | 4138698 |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 1472481 |
| ആകെ | 10512970 |

1.05 കോടിയിലധികം രൂപ പഞ്ചായത്തിന്റെ ജാഗ്രതക്കുറവ് മൂലം തൻവർഷം ചെലവഴിക്കാനാവാതെ പാഴായി എന്നത് ഗ്രാമപഞ്ചായത്ത് ഗൗരവത്തോടെ വിലയിരുത്തേണ്ടതും ഭാവിയിൽ വിനിയോഗലക്ഷ്യം കൈവരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. ഭരണസമിതികളും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പുലർത്തിയിട്ടില്ലായെന്ന് കാണുന്നു.

## 1-6 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ 2019-20വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തി കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2019-20വർഷം സാങ്കേതിക അനുമതി ലഭിച്ച 86 പ്രോജക്ടുകളിൽ 86 എണ്ണവും തൻവർഷം നടപ്പിലാക്കി. 27828 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 151 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. മഴക്കുഴി ,ആട്ടിൻ കൂട്, റോഡ് കോൺക്രീറ്റിംഗ്, കാലിത്തൊഴുത്ത് എന്നിവയാണ് ഏറ്റെടുത്ത പ്രധാന വേലകൾ. MGNREGS ക്യാഷ്ബുക്ക് പ്രകാരമുള്ള 2019-20വർഷത്തെ വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | 2289.50 |
| വരവ് | ഇ.എഫ്.എം.എസ്. വരവ് | 10016800.00 | 10710041.00 |
| | ക്യാഷ് വരവ്(ബാങ്ക് പലിശ ഉൾപ്പടെ) | 693241.00 | |
| ആകെ വരവ് | | | 10712330.50 |
| ചെലവ് | തൊഴിലാളികളുടെ വേതനം | 7521909.00 | |
| | വിദഗ്ധ തൊഴിലാളികളുടെവേതനം, സാധന വില | 2494891.00 | |
| | ഭരണ ചെലവുകൾ | 693682.00 | |
| ആകെ ചെലവ് | | | 10710482.00 |
| നീക്കിയിരിപ്പ് | | | 1848.50 |

## 1-7 സാമൂഹ്യക്ഷേമ പദ്ധതികൾ

2019-20വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 35160 | 13 |
| വാർദ്ധക്യകാലപെൻഷൻ | 7827000 | 1414 |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 592800 | 100 |
| വിധവാപെൻഷൻ | 3646200 | 603 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 243000 | 44 |
| വികലാംഗപെൻഷൻ | 1072500 | 184 |
| വിവാഹ ധനസഹായം | 90000 | 3 |

### 1-8 കാഷ് വേരിഫിക്കേഷൻ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് 2019-20ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിന്റെ ക്യാഷ് ബാലൻസ് പരിശോധന 01/02/2022-ന് 04:30 PM ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 1750/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

### 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഓഫീസ് ഉത്തരവുകൾ പ്രകാരം ജോലി വിഭജനം നടത്തുകയും കാലികമാക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ അക്കൗണ്ടിംഗ് സംബന്ധമായ അപാകതകൾ ഉള്ളതായി കാണുന്നു. പഞ്ചായത്തിന്റെ രസീത് പ്രകാരമുള്ള വരവുകൾ പഞ്ചായത്ത് ഫണ്ടിൽ എത്തുന്നു എന്ന് ഉറപ്പുവരുത്താനുള്ള ചുമതല അക്കൗണ്ടന്റിൽ നിക്ഷിപ്തമാണ്. പുറം പിരിവിന് ചുമതലയുള്ള ഉദ്യോഗസ്ഥർ യഥാസമയം പിരിവ് തുക അടവു വരുത്തുന്നില്ല എന്നത് ശ്രദ്ധയിൽപെട്ടത് ഓഡിറ്റ് സമയത്ത് മാത്രമാണ് എന്നത് ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പരാജയമാണ്.

രസീത് ബുക്കുകളുടെ നിയന്ത്രണ ചുമതലയുള്ള ഉദ്യോഗസ്ഥൻ, രസീത് ബുക്ക് വിതരണം തുകകളുടെ പിരിവ്, അടവാക്കൽ എന്നിവ പ്രതിദിനം പരിശോധിക്കുകയും അപാകതകൾ ഉണ്ടാകുന്നില്ല എന്ന് ഉറപ്പ് വരുത്തുകയും വേണം. പിരിവ് തുകകൾ യഥാസമയം അക്കൗണ്ട് ചെയ്യപ്പെട്ടു എന്നും ഉറപ്പ് വരുത്തേണ്ടതാണ്. ദൈനദിന പിരിവ് രസീത് ബുക്കുകൾ പരിശോധിച്ച് ഉറപ്പുവരുത്തി സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. വരവ് സംബന്ധമായി നിയന്ത്രണ സംവിധാനങ്ങളുടെ പരാജയമാണ് ഖണ്ഡിക 1-11 ൽ പരാമർശിച്ചിട്ടുള്ള അപാകതയ്ക്ക് കാരണമായത്.

### 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനഓഡിറ്റ് നടത്തിയതീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23/05/2021 | 11/2020-03/2021 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ്-ജനറലിന്റെ ഓഡിറ്റ് | 29/01/2018 | 2012-13 മുതൽ 2016-17വരെ | LBA(HQ)II/8A-2771/372 Dated 6/04/2021 |

### 1-11 പിരിവ് തുക പഞ്ചായത്തിൽ അടക്കാതെ പണാപഹരണം

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 23) പ്രകാരം പിരിവ് തുക 500/- രൂപയിൽ

കൂടിയാൽ അതേ ദിവസമോ, തൊട്ടടുത്ത പ്രവൃത്തി ദിവസമോ ബന്ധപ്പെട്ട ബാങ്ക്/ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. ചട്ടം 24 പ്രകാരം പ്രതിദിനം പിരിച്ചെടുക്കുന്ന തുകകൾ രസീത് വൗച്ചർ മുഖേന അക്കൗണ്ട് ചെയ്യേണ്ടതുമാണ്. എന്നാൽ പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിൽ പുറം പിരിവിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥനായ ശ്രീ. കെൻസി ജോൺസൺ പുറം പിരിവിന് നൽകിയ രസീത് ബുക്ക് ഉപയോഗിച്ച് പണം പിരിവ് നടത്തുകയും തുക പഞ്ചായത്തിൽ അടവാക്കാതിരിക്കുകയും ചെയ്തിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| രസീത് ബുക്ക് നം. | രസീത് നം. | തീയതി | തുക |
|---|---|---|---|
| 1641 | 10-15,<br>33<br>48-59 | 12.03.2020<br>18.03.2020<br>23.03.2020 | 3937<br>3571<br>9753 |
| ആകെ | | | 17261 |

ഓഡിറ്റ് അവസാനിച്ച 07.02.2022 വരെയും ഈ തുക പഞ്ചായത്തിൽ അടവാക്കിയിട്ടില്ല. അപാകത ചൂണ്ടിക്കാട്ടി 15/05.02.2022 നമ്പരായി ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയിട്ടും തുക അടവാക്കാതിരുന്നത് ഗുരുതരമായ പണാപഹരണമായി ഓഡിറ്റ് വിലയിരുത്തുന്നു. ബന്ധപ്പെട്ട ഉദ്യോഗസ്ഥനെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കേണ്ടതും പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം നിയമാനുസൃതമുള്ള പിഴപലിശ സഹിതം ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

### 1-12 ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന്- രസീത് ബുക്ക് പ്രകാരം പിരിച്ചെടുത്ത തുക പഞ്ചായത്തിൽ തിരികെ അടവാക്കി

രസീത് ബുക്ക് (36544) പ്രകാരം 15-11-2019 ൽ രസീത് നമ്പർ 82മുതൽ 86 വരെയുള്ള രസീതുകൾ മുഖേന ആകെ പിരിച്ചെടുത്തിട്ടുത്ത തുക3755/-രൂപയിൽ 2542 /-രൂപ മാത്രമാണ് പഞ്ചായത്തിൽ അടവാക്കിയിട്ടുള്ളത്.കൂടാതെ 16-11-19 ലെ കളക്ഷൻ തുകയായ 857/- രൂപ അടവാക്കിയിട്ടില്ല.ഇപ്രകാരം രണ്ട് ദിവസങ്ങളിലെ കളക്ഷൻ തുകയിൽ 2070/-രൂപ അടവാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയെ ( എൻക്വയറി നമ്പർ.1, തീയതി 02.02.22) തുടർന്ന് 2070/- രൂപ സാംഖ്യാ രസീത് നമ്പർ 1210201134/G050705 പ്രകാരം 03.02.2022ൽ പഞ്ചായത്തിൽ അടവാക്കി. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ (ചട്ടം23) അനുശാസിക്കുംവിധ പിരിവ് തുക അടവാക്കാതിരുന്നത് ഗുരുതരമായ കൃത്യവിലോപമാണ്. സംഭവത്തിൽ ഭരണ സമിതി അന്വേഷണം നടത്തി പിരിവ് തുക അടവാക്കാതിരുന്ന ഉദ്യോഗസ്ഥൻ മേൽനോട്ട ചുമതലയുള്ള അക്കൗണ്ടന്റ് എന്നിവർക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

### 1-13 വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ്

ജോൺ ജോസഫ് ,തുണിയാമ്പ്രാൽ എന്നയാളുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലെ 2/ 257 Bമുതൽ Pവരെയുള്ള കടമുറികൾ 2019-20 വർഷം വാണിജ്യാവശ്യത്തിനുള്ള 200 മീറ്ററിനു മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റിന്റെ നിരക്കായ 70 രൂപ നിരക്കിൽ വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുണ്ട്.ഫയൽ പരിശോധിച്ചതിൽ ടി കെട്ടിടത്തിന്റെ തന്നെ ഭാഗമായ 257 A എന്ന 289.5 ച.മീ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് 50 രൂപ നിരക്കിലാണ് നികുതി നിർണ്ണയം നടത്തിയിട്ടുള്ളത്. ഒരേ കെട്ടിടത്തിലെ തന്നെ വാണിജ്യാവശ്യത്തിനുള്ള വിവിധ മുറികളെ വിവിധ നിരക്കിൽ നികുതി നിർണ്ണയം നടത്തിയത് ക്രമപ്രകാരമല്ല. ടി മുറി 70 രൂപ നിരക്കിൽ വസ്തുനികുതി പുനർനിർണ്ണയം നടത്തി വിവരം അറിയിക്കേണ്ടതാണ്.

### 1-14 തൊഴിൽ നികുതിയും സ്ഥാപന നികുതിയും അടച്ചിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ് പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധ വർഷത്തിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ സ്ഥാപനത്തിൽ

നിന്നും സ്ഥാപന തൊഴിൽ നികുതിയും തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതിയും ഈടാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2019-20സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതിയും സ്ഥാപന നികുതിയും ഈടാക്കിയിട്ടില്ലാത്തതായി കാണുന്നു.

| സ്ഥാപനം | ജീവനക്കാരുടെ തൊഴിൽ നികുതി | സ്ഥാപന തൊഴിൽ നികുതി |
|---|---|---|
| സപ്ലൈകോ സൂപ്പർ മാർക്കറ്റ്,ആനിക്കാട് | 1&2 അർദ്ധവർഷം | |
| ഡൻറയർ ക്ളിനിക്,ആനിക്കാട് | 2അർദ്ധവർഷം | |
| നെട്ടുമാവ് ക്ഷീരസഹകരണ സംഘം | 1&2 അർദ്ധവർഷം | |
| മലനാട് ക്ഷീരസഹകരണ സംഘം,ആനിക്കാട് | 1&2 അർദ്ധവർഷം | |
| മുത്തൂറ്റ് ഫിനാൻസിയേഴ്സ് | | 1&2 അർദ്ധവർഷം |
| അമ്പാട്ട് ആയുർവേദം & ഹോമിയോ ക്ളിനിക് | | 2 അർദ്ധവർഷം |
| തംബോർ ക്ളിനിക് | 2 അർദ്ധവർഷം | 2 അർദ്ധവർഷം |

കൂടാതെ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കള്ളുഷാപ്പുകൾ,റേഷൻ കടകൾ എന്നീ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽ നികുതിയും തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല. പ്രസ്തുത വിഷയത്തെ അധികരിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ.5, തീയതി. 03.02.22,) മറുപടിയായി മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതിയും സ്ഥാപന നികുതിയും ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് . നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

1-15 വാടക ഈടാക്കിയിട്ടില്ല

2019-20 സാമ്പത്തിക വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറഞ്ഞിരിക്കുന്ന കടമുറികൾക്ക് വാടക ഈടാക്കിയതായി കാണുന്നില്ല .

| പേര് | കടമുറി നമ്പർ | കാലയളവ് |
|---|---|---|
| തോമസു കുട്ടി,മൈലാഡിയിൽ | പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ളക്സ്- 1&2 | 4/19-3/20 |
| പി.എസ്.രാമചന്ദ്രൻ നായർ | പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ളക്സ്-4,5,6 | 9/19-3/20 |
| മണ്ണ് സംരക്ഷണ | ബസ് സ്റ്റാൻഡ് | 4/19-3/20 |

| | | |
|---|---|---|
| സമിതി ഓഫീസ് | ഷോപ്പിംഗ് കോംപ്ളക്സ് (രണ്ടാം നില)-3 | |
| സുനിൽ.കെ.ശങ്കർ | ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ളക്സ്-5 | 4/19-3/20 |
| വിജയമ്മ | വില്ലേജ് ഹട്ട്-3 | 9/19-3/20 |
| ബിന്ദു സുരേഷ് | വില്ലേജ് ഹട്ട്-4 | 11/19-3/20 |

മേൽ പറഞ്ഞ മുറികൾകളുടെ വാടക ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കേണ്ടതാണെന്നും മണ്ണ് സംരക്ഷണ സമിതി ഓഫീസിൽ നിന്നും വാടക ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നും സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16,തീയതി 04.02.22) മറുപടി ലഭിച്ചിട്ടില്ല. വാടക രജിസ്റ്റർ കൃത്യമായി പരിപാലിക്കേണ്ടതും വാടക കുടിശ്ശിക സഹിതം ഈടാക്കേണ്ടതുമാണ്.

## 1-16 സർക്കാർ ഓഫീസുകൾ പഞ്ചായത്ത് കെട്ടിത്തിൽ വർഷങ്ങളായി വാടക രഹിതമായി തുടരുന്നു

കെ.എസ്.ഇ.ബി , സോയിൽ കൺസർവേഷൻ ഓഫീസ് എന്നിവ വർഷങ്ങളായി പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വിവിധ കെട്ടിടങ്ങളിൽ വാടക രഹിതമായി പ്രവർത്തിക്കുന്നതായി കാണുന്നു. ബസ്റ്റാന്റ് ഷോപ്പിംഗ് കോംപ്ളക്സിലെ ഒരു മുറി 26.4.2010 ലെ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സോയിൽ കൺസർവേഷന്റെ ഒരു പുതിയ ഓഫീസ് ആരംഭിയ്ക്കുന്നതിനായി വാടകയില്ലാതെ നല്കിയിട്ടുണ്ട്.എന്നാൽ ഓഫീസ് പ്രവർത്തനമാരംഭിച്ച് 11 വർഷങ്ങൾ കഴിയുമ്പോഴും വാടക രഹിതമായിത്തന്നെ ടി ഓഫീസിനെ ടി കെട്ടിടത്തിൽ തുടരാൻ അനുവദിച്ചിരിക്കുന്നതായി കാണുന്നു.കൂടാതെ കെ.എസ്.ഇ.ബി ഓഫീസ് മാർക്കറ്റ് ഷോപ്പിംഗ് കോംപ്ളക്സിലെ രണ്ട് മുറികളിലായി പ്രവർത്തിക്കുന്നു. ടി മുറികളും കെ.എസ്.ഇ.ബി പ്രവർത്തനമാരംഭിച്ച സമയത്ത് വാടക രഹിതമായി നല്കിയിട്ടുള്ളതാണ്. ടി ഓഫീസുകൾ നിലവിൽ പഞ്ചായത്തിൽ പ്രവർത്തനം സ്ഥിരപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ ടി മുറികളുടെ വാടക ഈടാക്കുന്നത് പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുവാൻ സഹായമാകുന്നതാണ്. പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## 1-17 കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് കുറവായി ഈടാക്കി

2019 ലെ കേരള കെട്ടിട നിർമ്മാണ ചട്ടങ്ങൾപ്രകാരം വാസഗൃഹങ്ങൾക്ക് ച.മീറ്ററിന് 7 രൂപ നിരക്കിലാണ് ഫീസ് വാങ്ങേണ്ടത്. എന്നാൽ ചുവടെ ചേർക്കുന്ന വ്യക്തികളിൽ നിന്നും വാസഗൃഹങ്ങൾക്കായി കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് ച.മീറ്ററിന് 3 രൂപ നിരക്കിൽ ഈടാക്കിയതായി കാണുന്നു.

| പേര് | ഏരിയ | വാങ്ങിയ ഫീസ് | ഈടാക്കേണ്ട തുക | കുറവ് | പെർമിറ്റ് നം |
|---|---|---|---|---|---|
| എബ്രഹാം കുരുവിള കാക്കനാട്ട് | 168.64 ച.മീ | 307 | 1180 | 873 | A3-1521/23.3.20 |
| ശ്രീജിത്ത്.എസ് | 152.85 | 459 | 1070 | 611 | A3-5815/31.12.19 |
| ഫാദർ തോമസ് പുരയിടത്തിൽ | 166.82 | 501 | 1168 | 667 | A3-5363/4.12.19 |

ഇപ്രകാരം കെട്ടിട നിർമ്മാണപെർമിറ്റ് ഫീസ് കുറവായി ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.10) കുറവു വന്നതുക ഈടാക്കുന്നതാണെന്ന് മറുപടി നല്കി. കുറവു വന്ന തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-18 ടൗൺ ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം പൊളിച്ചുനീക്കിയപ്പോൾ ലഭിച്ച സാമഗ്രികൾ ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ ടൗൺഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം പൊളിച്ചുനീക്കുന്നതിനുള്ള സർവ്വേ റിപ്പോർട്ട് പ്രകാരം 32165/-രൂപയുടെ സാമഗ്രികൾ ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടുവുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു. പ്രസ്തുത സർവേ റിപ്പോർട്ട് പ്രകാരമുള്ള സാമഗ്രികൾ ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയഓഡിറ്റ് എൻക്വയറി (നം.14/04.02.2022) മറുപടിയായി ലേലം ചെയ്തിട്ടില്ല എന്ന് അറിയിച്ചിരുന്നു.സർവ്വേ റിപ്പോർട്ട് പ്രകാരമുള്ള സാമഗ്രികൾ ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്.

1-19 ഗ്രാമലക്ഷ്മി മുദ്രാലയത്തിനു നല്കിയ തുക ക്രമീകരിച്ചിട്ടുള്ളതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല

വൗച്ചർ നം.21900809/21.1.20 പ്രകാരം 88094 രൂപ ഫാറങ്ങളും രജിസ്റ്ററുകളും വാങ്ങുന്നതിനായി ഗ്രാമ ലക്ഷ്മി മുദ്രാലയത്തിനു നല്കിയിട്ടുണ്ട്. എന്നാൽ 2491/22.1.20 നം ടാക്സ് ഇൻവോയ്സ് പ്രകാരം 57237 രൂപയ്ക്കുള്ള സാധനങ്ങൾ മാത്രമേ ലഭിച്ചിട്ടുള്ളു. ബാക്കി തുകയായ 30857ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറി (നം.6/04.02.2022) മറുപടി ലഭ്യമാക്കിയില്ല. തുക ക്രമീകരിച്ച് വിശദാശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1-20 സാമൂഹികസുരക്ഷാപെൻഷൻ വിതരണത്തിലെ അപാകങ്ങൾ

സമൂഹത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന അശരണരും നിരാലംബരുമായവർക്ക് ഒരു കൈത്താങ്ങ് എന്ന നിലയ്ക്കാണ് സർക്കാർ സാമൂഹികസുരക്ഷാപെൻഷനുകൾ അനുവദിച്ചിട്ടുള്ളത്.അർഹതപ്പെട്ടവർക്ക് മാത്രം സാമൂഹികസുരക്ഷാപെൻഷൻ അനുവദിയ്ക്കുകയെന്നത് സർക്കാരിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് അനിവാര്യമാണ്.സാമൂഹിക സുരക്ഷാപെൻഷനുമായി ബന്ധപ്പെട്ട് സർക്കാർ ഇതുവരെ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ ക്രോഡീകരിച്ച് പുറപ്പെടുവിച്ചിട്ടുള്ള പുതിയ ഉത്തരവാണ് സ.ഉ.(എം.എസ്)നം.97/2020/ധന തീ23.9.2020.പ്രസ്തുത ഉത്തരവിലെ നിബന്ധനകൾ പാലിക്കുന്ന അർഹതപ്പെട്ടവർക്ക് മാത്രമാണ് പെൻഷൻ ശുപാർശ ചെയ്യുന്നത് എന്ന് അന്വേഷണ ഉദ്യോഗസ്ഥനും തദ്ദേശസ്വയംഭരണ സ്ഥാപനവും ഉറപ്പു വരുത്തേണ്ടതാണ്.ഇപ്രകാരമുള്ള നിബന്ധനകൾ പാലിയ്ക്കാതെ സാമൂഹിക സുരക്ഷാപെൻഷനുകൾ വിതരണം ചെയ്ത സാഹചര്യം പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിൽ
ഉണ്ടായിട്ടുണ്ട്.ശ്രീ.പി.പി.ഗോപാലകൃഷ്ണൻ,അനുപമസദനം,അരുവിക്കുഴി,ശ്രീമതി.വത്സല ഗോപാലകൃഷ്ണൻ ,ശ്രീമതി.പി.പി.രാജമ്മ ,അശോക വിലാസം എന്നീയാളുകൾക്ക് ഗവ.ചട്ടങ്ങൾക്ക് വിരുദ്ധമായി പെൻഷൻ അനുവദിച്ചിരുന്നു.ടിയാളുകൾക്ക് സാമൂഹികസുരക്ഷാപെൻഷൻ നൽകിയതിനെ സംബന്ധിച്ച പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ധനകാര്യപരിശോധന വിഭാഗം നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇവർ അനർഹമായി കൈപ്പറ്റിയ പെൻഷൻ തുക പലിശ സഹിതം തിരികെ അടവാക്കിയിട്ടുണ്ട്.എന്നാൽ പിന്നീട് ഇതേയാളുകൾക്ക് പെൻഷൻ വീണ്ടും അനുവദിച്ചു നൽകിയിട്ടുണ്ട്.6.11.2017ലെ സ.ഉ.(എം.എസ്)നം.483/2017/ധന ഉത്തരവിലെ ഖണ്ഡിക 20പ്രകാരം സർക്കാരിനെ കബളിപ്പിച്ച് സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്ന വ്യക്തികളിൽ നിന്നും പ്രസ്തുത തുക നിയമാനുസരണം സമയബന്ധിതമായിതന്നെ ഈടാക്കുന്നതും,ഇത്തരക്കാർക്ക് ഭാവിയിൽ സർക്കാരിൽ നിന്നും യാതൊരു വിധ ആനുകൂല്യങ്ങൾക്കും(സാമൂഹ്യ സുരക്ഷാ പെൻഷൻ ഉൾപ്പടെ ) അർഹത ഉണ്ടായിരിക്കുന്നതുമല്ല. ആയതിനാൽ പ്രസ്തുത ഉത്തരവിലെ നിർദ്ദേശം കർശനമായും ഗ്രാമപഞ്ചായത്ത്

പാലിക്കേണ്ടതാണ്.

പെൻഷന് അർഹതയുണ്ടായിരുന്നിട്ടും അന്വേഷണ ഉദ്യോഗസ്ഥൻ തെറ്റായ റിപ്പോർട്ട് നൽകിയതിന്റെയടിസ്ഥാനത്തിൽ പെൻഷൻ നിഷേധിക്കപ്പെട്ട സാഹചര്യവും ഗ്രാമപഞ്ചായത്തിൽ ഉണ്ടായിട്ടുണ്ട്.ശ്രീമതി മറിയാമ്മ തോമസ്സ്, തണ്ണിപ്പാറ എന്നയാൾക്ക് 23മാസത്തെ ആനുകൂല്യം നിഷേധിക്കപ്പെടുകയും ചെയ്തിട്ടുണ്ട്.പിന്നീട് പുതിയ അപേക്ഷ സമർപ്പിച്ച് ടിയാൾക്ക് പെൻഷൻ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

സാമൂഹിക സുരക്ഷാപെൻഷൻ അർഹതപ്പെട്ടയാളുകളാണ് കൈപ്പറ്റുന്നതെന്നും,അനർഹർക്ക് പെൻഷൻ നൽകുന്നില്ലെന്നും തദ്ദേശസ്വയംഭരണ സ്ഥാപനം ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-21 പെൻഷണറുടെ മരണത്തിനുശേഷവും സാമൂഹിക സുരക്ഷാപെൻഷൻ നൽകുന്നു

പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിലെ സാമൂഹ്യക്ഷേമ പെൻഷൻ വിതരണം സംബന്ധിച്ച് സേവന സോഫ്റ്റ് വെയറിലും 2019-20 വർഷത്തെ പഞ്ചായത്തിലെ മരണ റിപ്പോർട്ടും പരിശോധിച്ചപ്പോൾ മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പെൻഷണറുടെ പേര് | പെൻഷൻ ഐ.ഡി | പെൻഷൻ ഇനം | മരണമടഞ്ഞ തീയതി | അനർഹമായ കാലയളവ് | വിതരണം ചെയ്ത തുക |
|---|---|---|---|---|---|
| പത്മനാഭൻനായർ.കെ.ജി | 105450200299 | വാർദ്ധക്യം | 27.1.19 | 2/19-4/19 | 3300 |
| ജോർജ് ജോർജ് | 105450200464 | വാർദ്ധക്യം | 25.1.19 | 2/19-4/19 | 3300 |
| റോസമ്മ എബ്രഹാം | 105450200960 | വാർദ്ധക്യം | 20.2.19 | 3/19-4/19 | 2200 |
| സുശീലാമ്മാൾ | 105450201048 | വാർദ്ധക്യം | 16.3.19 | 4/19 | 1120 |
| ലക്ഷ്മി കുട്ടപ്പൻ | 105450600210 | വിധവ | 21.5.19 | 6/19-7/19 | 2400 |
| പങ്കജാക്ഷി | 105450600454 | വിധവ | 25.5.19 | 6/19-7/19 | 2400 |
| ഗോപാലൻ | 105450200194 | വാർദ്ധക്യം | 17.5.19 | 6/19-7/19 | 2400 |
| ഏലിക്കുട്ടി മാത്യു | 105450600373 | വിധവ | 1.6.19 | 7/19 | 1200 |

ഗുണഭോക്താവ് മരണപ്പെട്ടതിനു ശേഷവും ക്ഷേമ പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. പഞ്ചായത്തിലെ മരണ രജിസ്റ്ററുമായി ചേർത്ത് പരിശോധിച്ച ഏതാനും ഗുണഭോക്താക്കളുടെ മാത്രം കണക്കാണിത്. ഇതു കൂടാതെ മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങളിൽ മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമായിട്ടില്ലാത്തതിനാൽ ആ ഗണത്തിൽപ്പെട്ട ഗുണഭോക്താക്കൾക്കും മരണ ശേഷം തുക കൈമാറുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടെന്ന് അനുമാനിക്കാം. ധനകാര്യ വകുപ്പിന്റെ 23.09.2020 ലെ സ.ഉ.(എം.എസ്) നം.97/2020/ധന പ്രകാരം ഗുണഭോക്താക്കളെ സമയബന്ധിതമായി ലിസ്റ്റിൽ നിന്നും ഒഴിവാക്കാത്ത പക്ഷം അത് മൂലമുണ്ടാകുന്ന നഷ്ടം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിന്ന് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഇപ്രകാരം പെൻഷൻ വിതരണം ചെയ്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.18/07.02.2022) മറുപടിയായി പെൻഷൻകാരുടെ അവകാശികളുടെ വിവരം ബാങ്കിൽ നിന്നും ശേഖരിച്ച് അധികമായി അക്കൗണ്ടിൽ നിക്ഷേപിച്ച തുക തിരിച്ചടവാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഇതേ രീതിയിൽ കൂടുതൽ പെൻഷണർമാർക്ക് മരണശേഷവും ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ വിതരണം ചെയ്തിട്ടുള്ളതായി കണക്കാക്കുന്നു. സൂക്ഷ്മ പരിശോധന നടത്തി ഈ രീതിയിലുള്ള പെൻഷൻ വിതരണം ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 പിഎച്ച്സിയ്ക്ക് മരുന്നു വാങ്ങൽ - മരുന്ന് പൂർണ്ണമായും ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 120/20 |
| പ്രോജക്ട് | പിഎച്ച്സിയ്ക്ക് മരുന്ന വാങ്ങൽ |
| അടങ്കൽ | 500000(മെയിന്റനൻസ് ഫണ്ട് (റോഡിതരം)) |
| ചെലവ് | 499996 |
| ബിൽ നം, തീയതി | 10/9.1.20 -375996<br>14/30.3.20 -124000 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പിഎച്ച്സി |

കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നുള്ള 9.12.19 ലെ പ്രൊഫോർമ ഇൻവോയ്സ് പ്രകാരം 375996 രൂപയും 19.3.20 ലെ പ്രൊഫോർമ ഇൻവോയ്സ് പ്രകാരം 124000 രൂപയും സ്ഥാപനത്തിൽ അടവാക്കിയെങ്കിലും 497960 രൂപയുടെ മരുന്നുകൾ മാത്രമേ ലഭിച്ചിട്ടുള്ളു. അവശേഷിക്കുന്ന 2036 രൂപയുടെ മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്. കൂടാതെ മരുന്ന് വാങ്ങുമ്പോൾ സബ്സിഡി മാർഗ്ഗരേഖ 7.5.3 പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ടെന്നും നിർവ്വഹണോദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്.

## 1-23 നിക്ഷേപ പ്രവൃത്തികൾ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല

തൻവർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകളിൽ നിക്ഷേപ്രവൃത്തികൾക്കായി കെ.എസ്.ഇ.ബി,ഭൂഗർഭജലവകുപ്പ് എന്നിവടങ്ങളിൽ നിക്ഷേപിച്ച തുകയുടെ വിനിയോഗവിവരം ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം,പേര് | ചെലവ് തുക,ഫണ്ടിനം | ബിൽ നം./തീയതി | തുക നിക്ഷേപിച്ച സ്ഥാപനം |
|---|---|---|---|---|
| 1 | S0023/20<br>ചപ്പാത്ത് ആറാട്ടുകവല സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ(വാർഡ്11) | 148208<br>1256<br>ധനകാര്യകമ്മീഷൻ ഗ്രാന്റ് | 13/19-20 തീ3.10.19<br>19/19-20 തീ10.1.19 | കെ.എസ്.ഇ.ബി പള്ളിക്കത്തോട് സെക്ഷൻ |
| 2 | S0024/20<br>ഇടത്തറ തുമ്പോളി സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ(വാർഡ് 11) | 99484<br>ധനകാര്യകമ്മീഷൻ ഗ്രാന്റ് | 16/19-20 തീ13.11.19 | കെ.എസ്.ഇ.ബി പള്ളിക്കത്തോട് സെക്ഷൻ |
| 3 | S0025/20<br>ആനിക്കാട് അമ്പലം ഭാഗം കുഴൽകിണർ നിർമ്മാണം(വാർഡ്3) | 80000<br>ധനകാര്യകമ്മീഷൻ ഗ്രാന്റ് | 17/19-20 തീ16.12.19 | ഭൂഗർഭജലവകുപ്പ് ,കോട്ടയം |
| 4 | S0026/20<br>പൊട്ടനാനിക്കൽ കുഴൽകിണർ നിർമ്മാണം(വാർഡ്5) | 50,000<br>ധനകാര്യകമ്മീഷൻ ഗ്രാന്റ് | 18/19-20 തീ16.12.19 | ഭൂഗർഭജലവകുപ്പ് ,കോട്ടയം |

| | | | | |
|---|---|---|---|---|
| 5 | S0258/20<br>പുല്ലാനിത്തകിടി കുടിവെള്ള പദ്ധതി(വാർഡ്7) | 50,000<br>ധനകാര്യകമ്മീഷൻ ഗ്രാന്റ് | 31/19-20<br>തീ12.3.20 | ഭൂഗർഭജലവകുപ്പ് ,കോട്ടയം |
| | ആകെ | 428948 | | |

നിർവ്വഹണ ഏജൻസിയുമായി സെക്രട്ടറി കരാറിൽ ഏർപ്പെട്ടിട്ടില്ല. മേൽ പ്രോജക്ടുകളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. നിയമാനുസൃതമല്ലാതെ നടത്തിയ 428948/- രൂപയുടെ നിക്ഷേപ ചെലവ് തടസ്സപ്പെടുത്തുന്നു. അപാകതകൾ പരിഹരിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-24 ലൈഫ് ഭവനനിർമ്മാണം -അവലോകനം

പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിൽ 2019-20 സാമ്പത്തിക വർഷം ജനറൽ വിഭാഗത്തിൽ 12 ഗുണഭോക്താക്കൾക്കാണ് ഭവനനിർമ്മാണത്തിന് ധനസഹായം നൽകിയത്.സ്ഥലം വാങ്ങി ഭവനനിർമ്മാണം നടത്താൻ ജനറൽ വിഭാഗത്തിൽ 27 പേർക്കും, എസ് .സി വിഭാഗത്തിൽ ഒരാൾക്കും,എസ്.ടി.വിഭാഗത്തിൽ ഒരാൾക്കും ഉൾപ്പടെ 29 ഗുണഭോക്താക്കൾക്കാണ് ധനസഹായം നൽകിയിട്ടുള്ളത്. 29ഗുണഭോക്താക്കളും തൻ വർഷം സ്ഥലം വാങ്ങിയിട്ടുണ്ട്.
ലൈഫ് പദ്ധതി ജനറൽ വിഭാഗം (പ്രോജക്ട് നം S09/20) വിഭാഗത്തിൽ വകയിരുത്തിയ തുകയുടെയും ചെവഴിച്ച തുകയുടെയും വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| വിഭാഗം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| വികസന ഫണ്ട് | 2138900 | 2138900 |
| സംസ്ഥാന വിഹിതം | 4800000 | 0 |
| ബ്ലോക്ക് വിഹിതം | 4100000 | 3300000 |
| ജില്ലാപഞ്ചായത്ത് വിഹിതം | 4161100 | 600000 |
| വായ്പ | 3000000 | 0 |
| ആകെ | 18200000 | 6038900 |

ലൈഫ് ഭവന നിർമ്മാണം എസ്.സി വിഭാഗം ചെലവുകൾ(പ്രോജക്ട് എസ് 269/20)

| വിഭാഗം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| ബ്ലോക്ക് വിഹിതം | 800000 | 800000 |
| ജില്ലാപഞ്ചായത്ത് | 800000 | 40000 |
| ആകെ | 1600000 | 840000 |

ലൈഫ് ഭവന നിർമ്മാണം ഭവന നിർമ്മാണം ജനറൽ (സ്പിൽ ഓവർപ്രോജക്ട് എസ് 243/20)

| വിഭാഗം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|

| | | |
|---|---|---|
| സംസ്ഥാന വിഹിതം | 2500000 | 0 |
| ബ്ലോക്ക് വിഹിതം | 21100 | 21100 |
| ലോൺ | 7538900 | 400000 |
| ആകെ | 10060000 | 421100 |

ഭവനനിർമ്മാണത്തിന് ധനസഹായം നൽകിയ 12 ഗുണഭോക്താക്കളിൽ ഒരാൾ മാത്രം ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.കെ.പി. ശിവൻ,തോട്ടുങ്കൽ എന്ന ഗുണഭോക്താവ് അഡ്വാൻസിനത്തിൽ40,000/-രൂപയും,തറപണിയാനായി160,000/രൂപയുമുൾപ്പടെ200,000/-രൂപ കൈപ്പറ്റിയിട്ടുണ്ടെങ്കിലും നാളിതുവരെ ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല.ടി ഗുണഭോക്താവ് ഭവനനിർമ്മാണം ആരംഭിക്കുന്നില്ലെങ്കിൽ 200,000/-രൂപ തിരികെ ഈടാക്കേണ്ടതാണ്.

1-25 വീട് വാസയോഗ്യമാക്കൽ പ്രവർത്തിയ്ക്ക് സബ്സിഡി തുക പരിമിതിപ്പെടുത്തി നൽകുന്നു

പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിൽ വീട് വാസയോഗ്യമാക്കുന്നതിനായി തൻവർഷം (2019-20)വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി പൊതു വിഭാഗം ഗുണഭോക്താക്കൾക്കായി 25000/- രൂപ വീതമാണ് ധനസഹായം നല്കിയിട്ടുള്ളത്. തൻ വർഷം62 ഗുണഭോക്താക്കൾക്ക് വീട് വാസയോഗ്യമാക്കൽ എന്ന പ്രോജക്ടിലുൾപ്പെടുത്തി1550,000/- രൂപ നൽകിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്) 22/2018 ത.സ്വ.ഭ.വ.തീ.14.02.18 പ്രകാരം വീട് വാസയോഗ്യമാക്കുന്നതിനായി നല്കാവുന്ന സബ്സിഡി നിരക്കിന്റെ ഉയർന്നപരിധി പൊതുവിഭാഗത്തിന് 1,00,000/- രൂപയാണ്. ഗ്രാമപഞ്ചായത്തിൽ കൂടുതൽ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കുന്നതിനാണ് ഇപ്രകാരം സബ്സിഡി പരിമിതപ്പെടുത്തി നല്കുന്നത്. തുച്ഛമായ തുക സബ്സിഡി നല്കുന്നതിനാൽ ഗുണഭോക്താക്കൾക്ക് ഫലപ്രദമായ രീതിയിൽ പ്രവൃത്തി പൂർത്തീകരിയ്ക്കാൻ കഴിയാതെ വരുന്നു. ഗുണഭോക്താക്കൾക്ക് പരമാവധി ആനുകൂല്യം ലഭിക്കത്തക്ക വിധത്തിൽ പ്രോജക്ട് ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും, പഞ്ചായത്ത് ഭരണസമിതിയും ശ്രദ്ധ പുലർത്തേണ്ടതാണ്.

1-26 സർവ്വേ റിപ്പോർട്ട് പ്രകാരമുള്ള ലേല വിവരം ലഭ്യമല്ല

കുട്ടമാവ് കുടിവെള്ള പദ്ധതിയുടെ കുളം ആഴം കൂട്ടൽ എന്ന പ്രോജക്ടിന് (പ്രോജക്ട് നമ്പർ 208/19-20)തൻ വർഷം ധനകാര്യകമ്മീഷൻ ഗ്രാന്റ് 170000/- രൂപയും തനത് ഫണ്ട് 5301/- രൂപയും ചെലവഴിച്ചിട്ടുണ്ട്. സർവ്വേ റിപ്പോർട്ട് പ്രകാരം 64 ക്യു മീ കല്ല് (ക്യു മീ ന് 824/- രൂപ പ്രകാരം 52736/- രൂപ വില വരുന്നത് ) സൈറ്റിൽ സ്റ്റാക് ചെയ്തിട്ടുള്ളതായി അസിസ്റ്റന്റ് എഞ്ചിനീയർ സർട്ടിഫൈ ചെയ്തിട്ടുണ്ട് . പ്രസ്തുത കല്ല് ലേലം ചെയ്ത് മുതൽ കൂട്ടിയിട്ടുണ്ടോ എന്ന വിവരം അറിയിക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നല്കിയില്ല.52736/- രൂപ വില വരുന്ന കല്ല് ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടി വിവരം അറിയിക്കേണ്ടതാണ്.

1-27 പ്രവൃത്തി താമസിപ്പിച്ചതിനുള്ള ഫൈൻ പഞ്ചായത്ത് അക്കൗണ്ടിൽ ലഭിച്ചില്ല

മെയിന്റനൻസ് ഗ്രാന്റിൽ (റോഡ്) നിന്നും 430000/- രൂപ അടങ്കലിൽ ആസൂത്രണം ചെയ്ത പാലച്ചുവട്-വള്ളോത്യാമല റോഡ് റീ ടാറിംഗ് എന്ന പ്രവൃത്തി (പ്രോജക്ട് നമ്പർ 224/19-20) ശ്രീ ജോഷി സഖറിയ എന്ന കരാറുകാരൻ എസ്റ്റിമേറ്റ് നിരക്കിൽ ഏറ്റെടുത്ത് പൂർത്തിയാക്കിയിട്ടുള്ളതാണ്. ഈ പ്രവത്തിയുടെ ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ ആകെ വേലമൂല്യമായ 428758/- രൂപയിൽ നിന്നും 4288/- രൂപ (1%) പ്രവൃത്തി താമസിപ്പിച്ചതിനുള്ള ഫൈൻ ആയി കുറവ് ചെയ്ത് ബാക്കി തുകയായ 424470/- രൂപ മാത്രമാണ് കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും പിൻവലിച്ചിട്ടുള്ളത്. ത സ്വ ഭ വകുപ്പിന്റെ 30-10-2007 ലെ 59827/എഫ് എം/07 സർക്കുലർ പ്രകാരം കരാറുകാരിൽ നിന്നും ഈടാക്കുന്ന പിഴ പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടുന്നതിന് അനുവദിച്ചിട്ടുണ്ട്. തെറ്റായ രീതിയിൽ ഫൈനൽ ബിൽ തയ്യാറാക്കി

പഞ്ചായത്ത് ഫണ്ടിൽ ലഭിക്കുമായിരുന്ന 4288/- രൂപ നഷ്ടപ്പെടുത്തിയതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം ഉത്തരവാദിയായ /ഫൈനൽ ബിൽ തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

1-28 ഫൈൻ ഈടാക്കിയതിൽ കുറവ്,ഈടാക്കിയ തുക പഞ്ചായത്ത് ഫണ്ടിൽ ലഭിച്ചില്ല

മെയിന്റനൻസ് ഗ്രാന്റിൽ (റോഡിതരം) നിന്നും 810000/- രൂപ അടങ്കലിൽ ആസൂത്രണം ചെയ്ത വെറ്റിനറി ഹോസ്പിറ്റലിന് പുതിയ കെട്ടിടം എന്ന പ്രവൃത്തി (പ്രോജക്ട് നമ്പർ 133/19-20) ശ്രീ ജോഷി സഖറിയ എന്ന കരാറുകാരൻ 756229.54 ഏറ്റെടുത്ത് പൂർത്തിയാക്കിയിട്ടുള്ളതാണ്. ഈ പ്രവൃത്തിയുടെ ഫൈനൽ ബിൽ (II& Final) തയ്യാറാക്കിയപ്പോൾ വേലമൂല്യമായ 409277/- രൂപയിൽ നിന്നും 8186/- രൂപ പ്രവൃത്തി താമസിപ്പിച്ചതിനുള്ള ഫൈൻ (2%)ആയി കുറവ് ചെയ്ത് ബാക്കി തുകയായ 401091/- രൂപ മാത്രമാണ് കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും പിൻവലിച്ചിട്ടുള്ളത്. ത സ്വ ഭ വകുപ്പിന്റെ 30-10-2007 ലെ 59827/എഫ് എം/07 സർക്കുലർ പ്രകാരം കരാറുകാരിൽ നിന്നും ഈടാക്കുന്ന പിഴ പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടുന്നതിന് അനുവദിച്ചിട്ടുണ്ട്. തെറ്റായ രീതിയിൽ ഫൈനൽ ബിൽ തയ്യാറാക്കി പഞ്ചായത്ത് ഫണ്ടിൽ ലഭിക്കുമായിരുന്ന 8186/- രൂപ നഷ്ടപ്പെടുത്തി.

2012 ലെ പൊതുമരാമത്ത് മാന്വൽ 2112-1 പ്രകാരം പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള പിഴ ,പി എ സി യുടെ നിശ്ചിത ശതമാനമാണ്. മേൽ പ്രവൃത്തിയുടെ പി എ സി 756229.54 രൂപയാണ് , ഇതിന്റെ 2% തുകയായ 15125/-രൂപയാണ് ഫൈനായി ഈടാക്കേണ്ടിയിരുന്നത്. ഇതിന് പകരം 8186/- രൂപ മാത്രം ഫൈനായി ബില്ലിൽ കുറച്ചതിലൂടെ 6939/- രൂപയുടെ നഷ്ടം പഞ്ചായത്തിന് ഉണ്ടായിട്ടുണ്ട്. പഞ്ചായത്ത് ഫണ്ടിന് നഷ്ടം വന്ന 15125/- രൂപയിൽ 8186/- രൂപ ഫൈനൽ ബിൽ തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കുന്നതോടൊപ്പം 6939/- രൂപ കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ്.

1-29 വേലമൂല്യത്തിൽ അധികമായി തുക പിൻവലിച്ചു

പതിമൂന്നാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖ പ്രകാരം ത സ്വ ഭരണ സ്ഥാപനങ്ങൾക്ക് കുടുംബശ്രീയുടെ സഹായത്തോടെ ബഡ്സ് സ്കൂളുകളുടെ നടത്തിപ്പ് ഏറ്റെടുക്കാവുന്നതാണ്. ഈ ആവശ്യത്തിനായി ബ്ലോക്ക് പഞ്ചായത്ത് സഹകരണത്തോടെ 1174250/- രൂപ ചെലവഴിച്ച് കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. ബഡ്സ് സ്കൂൾ നടത്തിപ്പുമായി ബന്ധപ്പെട്ട തുടർ പ്രവർത്തികൾ, ടീച്ചർമാരുടെ നിയമനം,യാത്രാസൗകര്യം, പ്രഫഷണൽ ബിരുദമുള്ളവരുടെ സേവനം തുടങ്ങിയവയിലൊന്നും തീരുമാനം എടുത്തിട്ടുള്ളതായി കാണുന്നില്ല. തനത് ഫണ്ടിന്റെ അഭാവത്തിൽ വികസനഫണ്ട് ചെലവഴിക്കുന്നതിനും മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പദ്ധതിയിൽ പങ്കാളികളാക്കുന്നതിനും അനുമതിയുള്ള സാഹചര്യത്തിൽ സ്കൂൾ പ്രവർത്തനം ആരംഭിച്ച് ചെലവഴിച്ച തുക ഫലപ്രദമാക്കുന്നതിന് ഭരണ സമിതിയുടെ അടിയന്തിര ഇടപെടൽ ആവശ്യമാണ്.

കെട്ടിട നിർമ്മാണം വേലമൂല്യത്തിൽ അധിക തുക പിൻവലിച്ചു

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 ൽ ഏറ്റെടുത്ത ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിന് അനുബന്ധ സൗകര്യമൊരുക്കൽ എന്ന പ്രോജക്ടിനായി തൻവർഷം 1174250/- രൂപ ചെലവഴിച്ചിട്ടുണ്ട്. അളവുപുസ്തക പ്രകാരം പ്രവൃത്തിയുടെ ആകെ വേലമൂല്യം 1157948/- രൂപയാണ്.

ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ബിൽ | തുക | വിതരണവിവരം | |
|---|---|---|---|
| I & | 523374/- | ജി എസ് ടി | 10468/- |

| | | | |
|---|---|---|---|
| Part | (200000/- പ്ലാൻ,323374/- ബ്ലോക്ക് വിഹിതം) ചെക്ക് നമ്പർ JF 0753788 DT 18/9/2019 | | |
| | | റിടെൻഷൻ | 13084/- |
| | | വെൽഫയർ ഫണ്ട് | 5234/- |
| | | ഐ റ്റി | 10467/- |
| | | കരാറുകാരൻ | 484121/- |
| II& Part | 395732/-(ബ്ലോക്ക് വിഹിതം) ചെക്ക് നമ്പർ JF 0753790 DT 15/1/2020 | ജി എസ് ടി | 7914/- |
| | | റിടെൻഷൻ | 9893/- |
| | | വെൽഫയർ ഫണ്ട് | 3997/- |
| | | ഐ റ്റി | 7915/- |
| | | കരാറുകാരൻ | 366013/- |
| II & Final | 255144/- ചെക്ക് നമ്പർ JF 0753791 DT 6/3/2020 (വേലമൂല്യം 238842+ റിടെൻഷൻ 13084 + റിടെൻഷൻ 9893 ആകെ 261 819/- ഫണ്ട് തികയാത്തതിനാൽ 255144/- രൂപയിൽ പരിമിതപ്പെടുത്തി) | ജി എസ് ടി | 5236/- |
| | | വെൽഫയർ ഫണ്ട് | 2644/- |
| | | ഐ റ്റി | 5236/- |
| | | കരാറുകാരൻ | 241028/- |
| | 1174250/- | | |

വേലമൂല്യത്തിൽ അധികമായി തുക പിൻ വലിച്ചതിന് വിശദീകരണം നല്കുന്നതോടൊപ്പം ആദ്യബില്ലുകളിൽ പദ്ധതി നടത്തിപ്പിന് ലഭിച്ച ബ്ലോക്ക് വിഹിതത്തിൽ നിന്നും കുറവ് ചെയ്ത റിടെൻഷൻ തുക സെക്രട്ടറിയുടെ അക്കൗണ്ടിൽ വരവ് വെച്ചതിന്റെ വിശദാംശങ്ങൾ കൂടി പരിശോധനക്ക് ഹാജരാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നല്കിയില്ല. ഈ സാഹചര്യത്തിൽ വികസനഫണ്ടിൽ നിന്നും അധികമായി പിൻവലിച്ച 16302/- (1174250-1157948) രൂപ സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്.ചെക്ക് നമ്പർ JF 0753791 DT 6/3/2020 പ്രകാരം പിൻ വലിച്ച തുകയിൽ റിടെൻഷൻ തുക സെക്രട്ടറിയുടെ അക്കൗണ്ടിൽ നിക്ഷേപിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട് എങ്കിലും സെക്രട്ടറിയുടെ അക്കൗണ്ടിൽ തുക ക്രെഡിറ്റ് ചെയ്തിട്ടില്ല. പ്രസ്തുത തുക9893/-രൂപ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതുമാണ്.

1-30 പ്രവൃത്തി യഥാസമയം പൂർത്തീകരിക്കാത്ത കരാറുകാരനെതിരെ നടപടി എടുത്തില്ല

കേരളപൊതുമരാമത്ത് മാന്വൽ 2116.1 പ്രകാരം പ്രവൃത്തിയിൽ നിർദ്ദിഷ്ട പുരോഗതി കൈവരിക്കുന്നില്ല

എങ്കിലോ നിശ്ചിത സമയത്തിനകം പൂർത്തീകരിച്ച് സ്ഥലം കൈമാറ്റം ചെയ്യാത്തതിനോ കരാർ തുകയുടെ 0.1% ലിക്വിഡേറ്റഡ് ഡാമേജായി ഓരോ ആഴ്ചക്കും (പരമാവധി 10%) ഈടാക്കാമെന്നിരിക്കെ കരാർ വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവൃത്തി ദീർഘകാലം നീട്ടിയ കൺവീനർ/കരാറുകാരനെതിരെ നടപടി സ്വീകരിക്കാതെ ഫൈനൽബിൽ തയ്യാറാക്കി തുക നല്കി.

1.അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണഉദ്യോഗസ്ഥനായി 2014-15 ൽ 183/15 നമ്പരായി ആസൂത്രണം ചെയ്ത് 18-12-2018 ൽ പൂർത്തീകരിച്ച ഇളപ്പുങ്കൽ എസ് സി കുടിവെള്ള പദ്ധതിയുടെ (തൻവർഷ പ്രോജക്ട് നമ്പർ 197/19-20)കൺവീനറായ പി കെ രാഘവന് 2019-20 ൽ 230171/- രൂപ വികസനഫണ്ട് എസ് സി പി യിൽ നിന്നും നല്കിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ സമയപരിധിക്കുള്ളിൽ പ്രവൃത്തി നടത്താത്ത കൺവീനർക്കെതിരെ പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

2.അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണഉദ്യോഗസ്ഥനായി 2015-16 ൽ ആസൂത്രണം ചെയ്ത് 15-2-2016 ൽ കരാർ വെച്ചതും 7-3-2019 ൽ പൂർത്തീകരിച്ചതുമായ ഇളപ്പുങ്കൽ വെയിറ്റിംഗ് ഷെഡ് മെയിന്റനൻസ് എന്ന പദ്ധതിയുടെ (തൻവർഷ പ്രോജക്ട് നമ്പർ 198/19-20)കൺവീനറായ നന്ദകുമാറിന് 2019-20 ൽ ചെക്ക് നമ്പർ 1155809 തീ 6/3/2020 പ്രകാരം 46199/- രൂപ തനത് ഫണ്ടിൽ നിന്നും നല്കിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ സമയപരിധിക്കുള്ളിൽ പ്രവൃത്തി നടത്താത്ത കൺവീനർക്കെതിരെ പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള നടപടികൾ സ്വീകരിക്കാതെ പ്രവൃത്തി സമയദീർഘീകരണത്തിന് അപേക്ഷ പോലും നല്കാത്ത കരാറുകാരന്/കൺവീനർക്ക് തുക നല്കിയ നിർവ്വഹണഉദ്യോഗസ്ഥനെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കുകയും നല്കിയ തുക ഫലപ്രദമായി വിനിയോഗിച്ചിട്ടുണ്ട് എന്ന് ഭരണസമിതി ഉറപ്പ് വരുത്തുകയും ചെയ്യേണ്ടതാണ്.

## 1-31 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം-പൊതുഅപാകതകൾ

ഗ്രാമപഞ്ചായത്തിൽ 2019-20 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി നടത്തിയ പരിശോധനയിൽ കണ്ടെത്തിയ പൊതുവായ അപാകതകൾ ചുവടെ ചേർക്കുന്നു.

- വിവിധ പ്രവൃത്തികൾക്ക് കരാറുകാർ ഹാജരാക്കുന്ന സെക്യൂരിറ്റി നിക്ഷേപ സർട്ടിഫിക്കറ്റുകൾ വാല്യുബിൾസ് രജിസ്റ്ററിൽ ചേർത്ത് ക്യാഷ് ചെസ്റ്റിൽ സൂക്ഷിക്കുന്നതിന് പകരം ബന്ധപ്പെട്ട ഫയലുകളിൽ ചേർത്തിരിക്കുന്നു. പണം പോലെ തന്നെ സൂക്ഷിക്കേണ്ട സർട്ടിഫിക്കറ്റുകൾ അലക്ഷ്യമായി സൂക്ഷിക്കുന്നത് ഒഴിവാക്കേണ്ടതാണ്.
- ബിറ്റുമിൻ ഉപയോഗിച്ചുള്ള പ്രവൃത്തികളിൽ നിന്നും ഈടാക്കുന്ന ബാരൽ വില ,18% ജി എസ് റ്റി ഉൾപ്പെടെ സെക്രട്ടറിയുടെ അക്കൗണ്ടിൽ നിക്ഷേപിക്കുന്നുണ്ട്.ഇതിൽ ബാരൽ വില ഏത് ഫണ്ട് ഉപയോഗിച്ചാണോ ബിറ്റുമിൻ വാങ്ങിയത് പ്രസ്തുത ഫണ്ടിലേക്കും ജി എസ് റ്റി തുക ബന്ധപ്പെട്ട ഹെഡിലേക്കും അടക്കാതെ തനത് ഫണ്ടിൽ സൂക്ഷിക്കുന്നത് നിയമവിരുദ്ധമാണ്.
- ഇ-ടെണ്ടർ നടക്കുന്ന കേസുകളിൽ ടെണ്ടർ ഫാറവില പഞ്ചായത്ത് ഫണ്ടിൽ ലഭിക്കേണ്ടതാണ്. നിലവിൽ ഫാറവില എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ക്രഡിറ്റ് ചെയ്യുന്നത്.
- പൊതു മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ സൈറ്റ് സംബന്ധിച്ച് പഠനം നടത്താത്തതു മൂലം മിക്ക പ്രവൃത്തികളുടെയും എസ്റ്റിമേറ്റ് നിർവ്വഹണ സമയത്ത് റിവൈസ് ചെയ്യേണ്ടി വരുന്നു. അത്യാവശ്യ സന്ദർഭങ്ങളിലൊഴികെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ട സാഹചര്യം ഒഴിവാക്കേണ്ടതാണ്.
- പ്രവൃത്തി നിർവ്വഹണസമയം ദീർഘിപ്പിച്ച് ലഭിക്കുന്നതിന് അപേക്ഷ നൽകാത്ത കേസുകളിൽ പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള നടപടികൾ പാലിക്കാതെ ഇളവുകൾ അനുവദിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥന് അനുമതി ഇല്ല.(ഖ, 1-30 കാണുക)
- കുടിവെള്ള പദ്ധതികൾ യഥാസമയം ആസ്തിരജിസ്റ്ററിൽ ചേർത്ത് രജിസ്റ്റർ കാലികമാക്കുന്നില്ല .വ്യക്തികൾ സറണ്ടർ ചെയ്യുന്ന വസ്തു ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നില്ല(ഖ.1-32 കാണുക).

പൊതുമരാമത്തുമായി ബന്ധപ്പെട്ട മേൽ പറഞ്ഞ അപാകതകൾ വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും ഭരണസമിതിയും പ്രത്യേകം പരിഗണിക്കേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-32 കുടിവെള്ള പദ്ധതികളുടെ അവലോകനം

പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണഉദ്യോഗസ്ഥനായി ധാരാളം കുടിവെള്ള പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്. വിവിധ വർഷങ്ങളിൽ പദ്ധതിയുടെ വിവിധ ഭാഗങ്ങൾ ( കിണർ, ടാങ്ക്, പമ്പിംഗ് മെയിൻ, വിതരണലൈൻ)ഏറ്റെടുത്ത് നടപ്പാക്കുന്ന രീതിയാണ് തുടർന്നു വരുന്നത്.കുടിവെള്ള പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട പൊതുവായ അപാകതകൾ ചുവടെ ചേർക്കുന്നു.

- പ്രോജക്ടിന്റെ എല്ലാ ഇനങ്ങളും ഉൾപ്പെടുത്തിയ മാസ്റ്റർ പ്ലാൻ തയ്യാറാക്കാതെ വിവിധ ഭാഗങ്ങൾക്ക് മാത്രമായി പ്രോജക്ട് തയ്യാറാക്കുന്നു.
- കിണർ ,ടാങ്ക് തുടങ്ങിയവ സ്ഥാപിക്കുന്നതിനുള്ള വസ്തു പഞ്ചായത്ത് ആസ്തിയിൽ ഉൾപ്പെടുന്നതാണോ എന്ന് ഫയലിൽ നിന്നും വ്യക്തമല്ല. വ്യക്തികൾ കൈമാറുന്ന വസ്തു പഞ്ചായത്ത് ആസ്തിയിൽ ഉൾപ്പെടുത്തി നികുതി അടക്കുന്നുണ്ടോ എന്നതിന് വ്യക്തതയില്ല.
- സംയോജിത പദ്ധതികളായി മറ്റ് തസ്വ ഭ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന പ്രവൃത്തികൾ സംബന്ധിച്ച് വ്യക്തയില്ല.
- മാസ്റ്റർ പ്ലാൻ ഇല്ലാതെ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിലൂടെ ചെയ്ത പ്രവൃത്തികളിൽ ഇരട്ടിപ്പ് ഉണ്ടായിട്ടില്ല എന്ന് പരിശോധിച്ച് ഉറപ്പു വരുത്താൻ കഴിയുന്നില്ല.
- പൂർത്തീകരിച്ച കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതിക്ക് കൈമാറിയതിന് രേഖകളില്ല
- ആസ്തിരജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല

വിഷയം വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും,ഭരണസമിതിയും പരിശോധിക്കേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

2-1 പിരിവ് തുക പഞ്ചായത്തിൽ അടക്കാതെ പണാപഹരണം

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 23) പ്രകാരം പിരിവ് തുക 500/- രൂപയിൽ കൂടിയാൽ അതേ ദിവസമോ, തൊട്ടടുത്ത പ്രവൃത്തി ദിവസമോ ബന്ധപ്പെട്ട ബാങ്ക്/ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. ചട്ടം 24 പ്രകാരം പ്രതിദിനം പിരിച്ചെടുക്കുന്ന തുകകൾ രസീത് വൗച്ചർ മുഖേന അക്കൗണ്ട് ചെയ്യേണ്ടതുമാണ്. എന്നാൽ പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിൽ പുറം പിരിവിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥനായ ശ്രീ. കെൻസി ജോൺസൺ പുറം പിരിവിന് നൽകിയ രസീത് ബുക്ക് ഉപയോഗിച്ച് പണം പിരിവ് നടത്തുകയും തുക പഞ്ചായത്തിൽ അടവാക്കാതിരിക്കുകയും ചെയ്തിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| രസീത് ബുക്ക് നം. | രസീത് നം. | തീയതി | തുക |
|---|---|---|---|
| 1641 | 10-15,<br>33<br>48-59 | 12.03.2020<br>18.03.2020<br>23.03.2020 | 3937<br>3571<br>9753 |
| ആകെ | | | 17261 |

വീകരിക്കേണ്ടതും പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം നിയമാനുസൃതമുള്ള പിഴപലിശ സഹിതം ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.ഓഡിറ്റ് അവസാനിച്ച 07.02.2022 വരെയും ഈ തുക

പഞ്ചായത്തിൽ അടവാക്കിയിട്ടില്ല. അപാകത ചൂണ്ടിക്കാട്ടി 15/05.02.2022 നമ്പരായി ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയിട്ടും തുക അടവാക്കാതിരുന്നത് ഗുരുതരമായ പണാപഹരണമായി ഓഡിറ്റ് വിലയിരുത്തുന്നു. ബന്ധപ്പെട്ട ഉദ്യോഗസ്ഥനെതിരെ വകുപ്പുതല നടപടികൾ സ്

ആഭ്യന്തര നിയന്ത്രണ സംവിധാനം

ഓഫീസ് ഉത്തരവുകൾ പ്രകാരം ജോലി വിഭജനം നടത്തുകയും കാലികമാക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ അക്കൗണ്ടിംഗ് സംബന്ധമായ അപാകതകൾ ഉള്ളതായി കാണുന്നു. പഞ്ചായത്തിന്റെ രസീത് പ്രകാരമുള്ള വരവുകൾ പഞ്ചായത്ത് ഫണ്ടിൽ എത്തുന്നു എന്ന് ഉറപ്പുവരുത്താനുള്ള ചുമതല അക്കൗണ്ടന്റിൽ നിക്ഷിപ്തമാണ്. പുറം പിരിവിന് ചുമതലയുള്ള ഉദ്യോഗസ്ഥർ യഥാസമയം പിരിവ് തുക അടവു വരുത്തുന്നില്ല എന്നത് ശ്രദ്ധയിൽപെട്ടത് ഓഡിറ്റ് സമയത്ത് മാത്രമാണ് എന്നത് ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പരാജയമാണ്.

രസീത് ബുക്കുകളുടെ നിയന്ത്രണ ചുമതലയുള്ള ഉദ്യോഗസ്ഥൻ, രസീത് ബുക്ക് വിതരണം തുകകളുടെ പിരിവ്, അടവാക്കൽ എന്നിവ പ്രതിദിനം പരിശോധിക്കുകയും അപാകതകൾ ഉണ്ടാകുന്നില്ല എന്ന് ഉറപ്പ് വരുത്തുകയും വേണം. പിരിവ് തുകകൾ യഥാസമയം അക്കൗണ്ട് ചെയ്യപ്പെട്ടു എന്നും ഉറപ്പ് വരുത്തേണ്ടതാണ്. ദൈനദിന പിരിവ് രസീത് ബുക്കുകൾ പരിശോധിച്ച് ഉറപ്പുവരുത്തി സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. വരവ് സംബന്ധമായി നിയന്ത്രണ സംവിധാനങ്ങളുടെ പരാജയമാണ് ഖണ്ഡിക 1-11 ൽ പരാമർശിച്ചിട്ടുള്ള അപാകതയ്ക്ക് കാരണമായത്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിന്റെ 2019-20വാർഷിക ധനകാര്യപത്രിക പഞ്ചായത്ത് ഭരണസമിതി 13/05/2020-ലെ 3 നം. തീരുമാന പ്രകാരം അംഗീകരിച്ച് 26/5/2020 ൽ ഓഡിറ്റിന് ലഭ്യമാക്കിയിരുന്നു.എയിംസ് സോഫ്റ്റ് വെയർ മുഖേന ഓൺലൈനായുംഹാജരാക്കിയിട്ടുണ്ട് ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 2/2/2022-ൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2020-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം യഥാക്രമം അനുബന്ധം-3,4,5 ആയി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2019-20 ൽ സംയുക്ത പ്രോജക്ടിനായി പാമ്പാടി ബ്ലോക്ക് പഞ്ചായത്ത്, കോട്ടയം ജില്ലാ പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ചതിന് ഫണ്ടിന്റെ വിനിയോഗം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് പ്രോജക്ട് തിരിച്ച് ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, | 2019-20 | 3300000 | ലൈഫ് ഭവനം(പ്രോ നം | 3300000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | 9/19-20) | | |
| പാമ്പാടി | 2019-20 | 800000 | ലൈഫ് ഭവനം എസ് സി (പ്രോ നം 269/19-20) | 800000 | 0 |
| | ആകെ ബ്ലോക്ക് പഞ്ചായത്ത് വിഹിതം | | | 4100000 | 0 |
| ജില്ല പഞ്ചായത്ത് കോട്ടയം | 2019-20 | 600000 | ലൈഫ് ഭവനം(പ്രോ നം 9/19-20) | 600000 | 0 |
| | 2019-20 | 40000 | ലൈഫ് ഭവനം എസ് സി (പ്രോ നം 269/19-20) | 40000 | 0 |
| | 2019-20 | 175000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (പ്രോ നം 20/19-20) | 175000 | 0 |
| | 2019-20 | 100000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (പ്രോ നം 01/19-20) | 100000 | 0 |
| | ആകെ ജില്ലാ പഞ്ചായത്ത് വിഹിതം | | | 915000 | |

ബി 4 ഷെഡ്യൂൾ പ്രകാരം മുൻ വർഷങ്ങളിൽ വിവിധ ആവശ്യങ്ങൾക്ക് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച 391782 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു. സർക്കാർ ധനസഹായം പിൻവലിച്ച് തനത് ഫണ്ടിൽ സൂക്ഷിക്കുന്നത് ക്രമവിരുദ്ധമായതിനാൽ തുക നിശ്ചിത ആവശ്യങ്ങൾക്ക് ചെലവഴിക്കുകയോ സർക്കാരിലേക്ക് തിരിച്ചടക്കുകയോ ചെയ്യേണ്ടതാണ്.

## 4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2019-20വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് കെ.എസ്.ഇ.ബി.-യിലും ഭൂജല വകുപ്പിലും ഡെപോസിറ്റ് ചെയ്തിട്ടുണ്ട്. സുലേഖ ചെലവ് പത്രിക പ്രകാരം മുൻകൂർ നൽകിയിട്ടുള്ള തുകകളുടെ വിശദാംശം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര്(പ്രോജക്ട് നം.) | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി. | ചപ്പാത്ത് ആറാട്ടുകവല സ്ട്രീറ്റ് ലൈൻ വലിക്കൽ(23/20) | 149464/- | 0 | 149464/- |
| കെ.എസ്.ഇ.ബി. | ഇടത്തറ-ഉമ്പോളി | 99484/- | | 99484/- |

| | | | | |
|---|---|---|---|---|
| | സ്ലീറ്റ് ലൈൻ വലിക്കൽ(24/20) | | | |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | കുഴൽ കിണർ നിർമ്മാണം(25/20) | 80000/- | | 80000/- |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | പുല്ലാനിതകിടി കുടിവെള്ള പദ്ധതി (258/20) | 50000 | . | 50000 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | കുഴൽ കിണർ നിർമ്മാണം (26/20) | 50000/- | | 50000/- |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് ആകെ | | 180000/- | | 180000/- |
| ആകെ | | | | 608948 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

2019-20വർഷം പഞ്ചായത്തിന് വായ്പ ലഭിച്ചതിന്റേയും തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | ലോൺ അക്കൗണ്ട് നം. | 01.04.2018-ൽ തിരിച്ചടയ്ക്കാനുള്ള തുക | തൻവർഷം ലഭിച്ച ലോൺ തുക | 2019-20വർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കി തുക |
|---|---|---|---|---|---|---|
| ആർ ഡി ബി ലോൺ | KURDFC/A /271/12/ 27.01.2012 | A/C No. 474/A3/ 8/RDB | 55,27,988 | | 4,00,000 | 51,27,988 |
| ലൈഫ് ഭവന പദ്ധതി | ജി.ഒ (എം.എസ്) 68/2018, 18.5.2018 | 38065072468 എസ്ബിഐ പള്ളിക്കത്തോട് | 1418016 | 400000 | 110294 | 1707722 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 5000/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തീയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2017-18 | 2-3-1 | 5000 | ഷാജി പി എ പുരയിടത്തതിൽ കണ്ടസ്ട്രക്ഷൻസ് | 119010101379/14/8/2019 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം/ ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികയിലെ വിഷയം |
|---|---|---|---|
| 2009-10 | 3-3(ബി) | 2011-12, 2-6 | നിക്ഷേപ പ്രവൃത്തികൾ- നടപടിക്രമങ്ങൾ പാലിക്കുന്നില്ല. കെ.എസ്.ഇ.ബിയിൽ നിക്ഷേപിച്ച 2666223/- രൂപ സംബന്ധിച്ച് |

പ്രസ്തുത ഖണ്ഡിക നിയമസഭാസമിതി നാളിതുവരെ പരിഗണിച്ചിട്ടില്ല

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : | 52146661.79 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 44624928.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 17261 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 428948 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-11 | 17261.00 | | കെൻസി ജോൺസൺ സീനിയർ ക്ലർക്ക് |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 149464 | ആഷാറാണി, സെക്രട്ടറി ഇൻ ചാർജ്ജ് |
| | 279484 | രശ്മി എസ് , സെക്രട്ടറി |
| ആകെ | 428948 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

1-11

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| കെൻസി ജോൺസൺ | സീനിയർ ക്ലർക്ക് | ജെ എം ജെ ഹൗസ് ചാത്തിനാംകുളം ചന്ദനത്തോപ്പ് കൊല്ലം |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2002-03(ചെലവ്) | എൽ.എഫ്.കെ.പി4-377/08 /29.06.2009/ 08.10.2009 | - |
| 2003-04(ചെലവ്) | കെ.എസ്.എ.- കെ.ടി.എം.പി13(അദാ 2018)/48(1)/18/ 29.01.2018 | 15 |
| 2002-03(വരവ്) | എൽ.എഫ്.കെ.പി4-1682/07/ 08.09.2009 | - |
| 2004-05(വരവ്) | എൽ.എഫ്.കെ.പി4-1684/07/ 21.02.2011 | 1 |
| 2004-05(ചെലവ്) | കെ.എസ്.എ.- കെ.ടി.എം.പി13(അദാ 2018)/48(3)/18/ 29.01.2018 | 6 |

| | | |
|---|---|---|
| 2006-07 | എൽ.എഫ്.കെ.പി1/966 /അദാ/B1/11/ 22.08.2011 | - |
| 2007-08 | കെ.എസ്.എ.- കെ.ടി.എം.പി13(അദാ 2018)/48(5)/18/ 29.01.2018 | 1 |
| 2008-09 | കെ.എസ്.എ.- കെ.ടി.എം.പി13(അദാ 2018)/48(6)/18/ 29.01.2018 | 4 |
| 2009-10 | കെ.എസ്.എ.- കെ.ടി.എം.പി13(അദാ 2018)/48(7)/18/ 29.01.2018 | 5 |
| 2010-11 | കെ.എസ്.എ.- കെ.ടി.എം.പി13(അദാ 2018)/48(8)/18/ 29.01.2018 | 2 |
| 2011-12 | കെ.എസ്.എ.- കെ.ടി.എം.പി13(അദാ 2018)/48(9)/18/ 29.01.2018 | 8 |
| 2012-13 | കെ.എസ്.എ.- കെ.ടി.എം.പി13-243/18/ 01.03.2018 | 9 |
| 2013-14 & 2014-15 | കെ.എസ്.എ.- കെ.ടി.എം.പി12/657/16/ 12.08.2016/ 23.08.2016 | 13 |
| 2015-16 | കെ.എസ്.എ.- കെ.ടി.എം.പി13-388/17/ 24.05.2017 | 15 |
| 2016-17 | കെ.എസ്.എ.- കെ.ടി.എം.പി13-1648/2017/ 24.01.2018 | 12 |
| 2017-18 | കെ.എസ്.എ.- കെ.ടി.എം.പി13-2023/2018/ 24.11.2018 | 31 |
| 2017-18 | കെ.എസ്.എ.- കെ.ടി.എം.പി13-2023/2018/ 24.11.2018 | |
| 2018-19 | കെ.എസ്.എ.- കെ.ടി.എം.പി13/1119 /19/14.08.2019 | 27 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്